


# PRIME NEWS ANALYSIS

Malayalam

**ACHARYA**
An influential mentor

www.acharyainfo.com AcharyaIAS.Academy

# ഇന്ത്യൻ രാഷ്ട്രപതി വെറുമൊരു റബ്ബർ സ്റ്റാമ്പ് ആണോ?

- ഇന്ത്യൻ ഭരണഘടനയുടെ വകുപ്പ് 53 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ നിർവ്വഹണാധികാരം രാഷ്ട്രപതിയിൽ നിഷിപ്തമായിരിക്കുന്നു. അദ്ദേഹത്തിന് ഈ അധികാരം നേരിട്ടോ കീഴുദ്യോഗസ്ഥർ വഴിയോ വിനിയോഗിക്കാവുന്നതാണ്.

- എന്നാൽ ഇന്ത്യൻ രാഷ്ട്രപതി ഒരു റബ്ബർ സ്റ്റാമ്പ് ആണ് എന്ന വാദം പ്രബലമാണ്.

## റബ്ബർ സ്റ്റാമ്പ് എന്നതിന് അനുകൂലമായ വാദങ്ങൾ

- ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 74 പ്രകാരം രാഷ്ട്രപതിയെ ഉപദേശിക്കാനും സഹായിക്കാനുമായി പ്രധാനമന്ത്രി തലവനായിക്കൊണ്ടുള്ള ഒരു മന്ത്രി സഭ ഉണ്ടായിരിക്കണം. രാഷ്ട്രപതി അദ്ദേഹത്തിന്റെ ഔദ്യോഗിക ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത് മന്ത്രിസഭയുടെ ഉപദേശപ്രകാരം ആയിരിക്കണം.

- 42 മത് ഭരണഘടനാഭേദഗതി പ്രകാരം മന്ത്രിസഭയുടെ ഉപദേശം രാഷ്ട്രപതിക്ക് തള്ളാനാകില്ല.

## പ്രതികൂലമായ വാദങ്ങൾ

- രാഷ്ട്രത്തലവൻ എന്ന നിലക്ക് തന്നെ അദ്ദേഹത്തിന് ഫലപ്രദമായ ധാർമ്മിക-അധികാരം നിലനിൽക്കുന്നുണ്ട്.

- മന്ത്രിസഭയുടെ ഉപദേശത്തോടു വിയോജിക്കാനുള്ള അധികാരം രാഷ്ട്രപതിക്കുണ്ട്. എന്നാൽ പുനഃപരിശോധനക്കയച്ച ഉപദേശം മാറ്റം ഒന്നും കൂടാതെ പുനർപരിഗണനക്ക് ശേഷം ലഭിച്ചാൽ പോലും രാഷ്ട്രപതി അത് നിറവേറ്റാൻ ബാധ്യസ്ഥനാണ്.

- ഭരണഘടനയുടെ വകുപ്പ് 60 പ്രകാരം രാഷ്ട്രപതി ഭരണഘടനയുടെ സംരക്ഷകനാണ്. അതുകൊണ്ടുതന്നെ സർക്കാരിൽ വലിയരീതിയിൽ സ്വാധീനം ചെലുത്താൻ അദ്ദേഹത്തിനാകും.